പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3794** — **15.12.2014 ൽ മറുപടിക്ക്**

**സ്കൂൾ കാമ്പസുകളെ ലഹരി മുക്തമാക്കാൻ സ്റ്റുഡന്റ് പൊലീസ് കേഡറ്റ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.എ.എ.അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| എ) | സ്റ്റുഡന്റ് പോലീസ് കേഡറ്റ് മുഖേന സ്കൂൾ കാമ്പസുകളെ ലഹരി മുക്തമാക്കാൻ നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | പോലീസ് വകുപ്പിന്റെയും എക്സൈസ് വകുപ്പിന്റെയും ആഭിമുഖ്യത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സഹകരണത്തോടെ സ്കൂൾ പരിസരങ്ങളിലും മറ്റുമുള്ള കടകളിൽ ലഹരി വസ്തുക്കളുടെ വിൽപ്പന തടയുന്നതിനായി പരിശോധനകൾ നടത്തിവരുന്നതും കൂടാതെ ഇതു സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ, ലഘുലേഖ വിതരണം തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു. |
| (ബി) | സ്കൂൾ കാമ്പസുകൾ കേന്ദ്രീകരിച്ച് മാത്രമല്ലാതെ സ്റ്റുഡന്റ് കേഡറ്റുകളുടെ വാസസ്ഥലത്തിന് ചുറ്റും വിദ്യാർത്ഥികളുടെ കൂട്ടായ്മ സംഘടിപ്പിച്ച് ലഹരി വിമുക്ത പരിപാടിക്കും ലഹരിയുടെ ഉറവിടം കണ്ടെത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുമോ? | (ബി) | ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും അതിൽ പതിയിരിക്കുന്ന അപകടത്തെക്കുറിച്ചും ബോധവാന്മാരായ കേഡറ്റുകൾ തങ്ങളുടെ കുടുംബാംഗങ്ങളേയും അയൽവാസികളെയും സഹപാഠികളേയും മറ്റ് ബന്ധുമിത്രാദികളേയും "ബാൻ ബാഡ്നസ്സ്" എന്ന സാമൂഹിക പദ്ധതിയിലൂടെ ബോധവൽക്കരണം നടത്തിവരുന്നു. എക്സൈസ് വകുപ്പുമായി ചേർന്ന് "ബാൻ ബാഡ്നസ്സ്" പ്രോജക്റ്റ് കൂടുതൽ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

5

സെക്ഷൻ ഓഫീസർ